LIBRARY ARCHIVES Kerala Legislative Assembly

വൈപ്പിൻ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ

231 (5316) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഏത്ര പ്രവൃത്തികൾക്കായി ഏത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വൈപ്പിൻ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

നീലേശ്വരം പാലത്തിന്റെ ശോച്യാവസ്ഥ

232 (5317) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 66-ൽ നീലേശ്വരം പാലം കാലപ്പഴക്കത്താൽ ഗതാഗതയോഗ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലം എന്നാണ് നിർമ്മിച്ചതെന്നും നിലവിൽ പാലം ദേശീയ പാതയിലെ ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിനുള്ള ഫിറ്റ്നസ്സ് ഉള്ളതാണോ എന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ദേശീയപാത 66-ൽ നീലേശ്വരം പാലം ഘടനാപരമായി ഇപ്പോൾ കുഴപ്പമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മിച്ചത് 1957-ൽ ആണ്. നിലവിലുള്ള പാലം ദേശീയ പാതയിലെ ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിനുള്ള ഫിറ്റ്നസ് ഉള്ളതാണ്.

(സി) പ്രസ്തുത പാലത്തിന്റെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.